# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/45/2017 പത്രക്കുറിപ്പ് 2017 മാർച്ച് 1

**സൂപ്പർഫൈൻ തീയതി നീട്ടി (ദയവായി എല്ലാ എഡിഷനുകളിലും)**

2017 മാർച്ച് 22 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ (സി.ബി.സി.എസ്.എസ്-2014 അഡ്മിഷൻ റഗുലർ/2013 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾക്ക് സൂപ്പർ ഫൈനോടുകൂടി പണമടച്ച് യൂണിവേഴ്സിറ്റി ആഫിസിൽ അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി മാർച്ച് 4 ന് വൈകീട്ട് 5 മണി വരെയും, നാലാം സെമസ്റ്റർ (2015 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷകൾക്ക് സൂപ്പർ ഫൈനോടുകൂടി പണമടച്ച് സർവ്വകലാശാലാ വെബ്ബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ട സമയം മാർച്ച് 4 ന് വൈകീട്ട് 5 മണി വരെയായും ദീർഘിപ്പിച്ചു.

**പരീക്ഷാതീയതി**

അഫിലിയേറ്റഡ് കോളേജുകളിലെ രണ്ട്, നാല് സെമസ്റ്റർ എൽ.എൽ.എം ഡിഗ്രി പരീക്ഷകൾ യഥാക്രമം മാർച്ച് 17, 28 തീയതികളിൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 6 വരെയും 50 രൂപ പിഴയോടെ 7 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 9 വരെയും സ്വീകരിക്കും.

അഫിലിയേറ്റഡ് കോളേജുകളിലെയും, യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചേഴ്സ് എജ്യൂക്കേഷനിലെയും നാലാം സെമസ്റ്റർ ബി.എഡ് (ക്രഡിറ്റ് & സെമസ്റ്റർ-2015 അഡ്മിഷൻ റഗുലർ-ദ്വിവത്സര) ഡിഗ്രി പരീക്ഷകൾ മാർച്ച് 28 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 9 വരെയും 50 രൂപ പിഴയോടെ 10 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 13 വരെയും സ്വീകരിക്കും. അപേക്ഷകൾ 100 രൂപ സി.വി ക്യാമ്പ് ഫീസായും, 100 രൂപ പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് ഫീസായും നിശ്ചിത പരീക്ഷാ ഫീസിനു പുറമേ അടക്കണം.

**മേഴ്സിചാൻസ് പരീക്ഷ**

1997 മുതൽ 2008 വരെയുള്ള അഡ്മിഷൻ ബികോം (ഒ.എം & എസ്.പി-വെക്കേഷണൽ) മേഴ്സിചാൻസ് ഡിഗ്രി പരീക്ഷകൾക്ക് പിഴയില്ലാതെ മാർച്ച് 9 വരെയും 50 രൂപ പിഴയോടെ 13 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 15 വരെയും അപേക്ഷിക്കാം. ആദ്യത്തെ മേഴ്സിചാൻസിന് അപേക്ഷിക്കുന്നവർ 5000 രൂപയും വീണ്ടുമതെഴുതുന്നവർ 7000 രൂപയും നിശ്ചിത പരീക്ഷാഫീസിനും സി.വി ക്യാമ്പ് ഫീസിനും പുറമേ അടക്കണം. പരീക്ഷാതീയതി പിന്നീട്.

**പ്രാക്ടിക്കൽ പരീക്ഷ**

2017 ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്‌സി. അപ്ലൈഡ് ഇലക്ട്രോണിക്സ് (റഗുലർ /സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ മാർച്ച് 7 മുതൽ അതാത് കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ യൂണിവേഴ്സിറ്റി വെബ്ബ്സൈറ്റിൽ ലഭ്യമാണ്.

2017 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം വർഷ എം.ഫാം. സപ്ലിമെന്ററി ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ മാർച്ച് 6 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ യൂണിവേഴ്സിറ്റി വെബ്ബ്സൈറ്റിൽ ലഭ്യമാണ്.

എറണാകുളം സെന്റ് ആൽബർട്സ് കോളേജിലെ 2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്‌സി. അപ്ലൈഡ് ഫിഷറീസ് & അക്വാകൾച്ചർ (സി.എസ്.എസ്-) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ മാർച്ച് 8 ന് ആരംഭിക്കും.

**പരീക്ഷാഫലം**

2016 ഒക്ടോബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സര-റഗുലർ/സപ്ലിമെന്ററി) പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷ കൾ മാർച്ച് 6 വരെ സ്വീകരിക്കും.

2016 ഒക്ടോബറിൽ നടത്തിയ ഒൻപതാം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സര-സപ്ലിമെന്ററി) പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷ കൾ മാർച്ച് 6 വരെ സ്വീകരിക്കും.

2016 ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (റഗുലർ / സപ്ലിമെന്ററി - പുതിയ / പഴയ സ്കീം) ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ മാർച്ച് 15 വരെ സ്വീകരിക്കും.

**പുനർമൂല്യനിർണയഫലം**

2015 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ, ബി.സി.എ (സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷകളുടെ പുനർമൂല്യനിർണയഫലം പ്രസിദ്ധപ്പെടുത്തി. ഫലം സർവ്വകലാശാലാ വെബ്ബ്സൈറ്റിൽ ലഭ്യമാണ്. മാർക്ക് വ്യത്യാസമുള്ള വിദ്യാർത്ഥികൾ ഡൗൺലോഡ് ചെയ്ത റീവാല്യൂവേഷൻ മെമ്മോയുടെ കോപ്പി സിൽവർ ജൂബിലി പരീക്ഷഭവനിലെ ഇ.ജെ. II സെക്ഷനിൽ എത്തിക്കണം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**